# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.869 03.12.2014 ൽ മറുപടിക്ക്

**കേന്ദ്രസർക്കാറിന്റെ ഡാം റജിസ്റ്റർ-ഡാമുകളുടെ ഉടമസ്ഥാവകാശം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ്മന്ത്രി) |
| (എ) കേന്ദ്രസർക്കാറിന്റെ ഡാം റജിസ്റ്ററിൽ മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകൾ തമിഴ് നാടിന്റേതായി തെറ്റായി രേഖപ്പെടുത്തിയിരുന്നത് ഹൈക്കോടതി വിധിപ്രകാരം തിരുത്തിച്ചെങ്കിലും തമിഴ്നാട് സർക്കാർ വീണ്ടും തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാലു ഡാമുകളുടെ ഉടമസ്ഥത സംബന്ധിച്ച അവകാശവാദം NCDS യോഗങ്ങളിൽ തമിഴ്നാട് സർക്കാർ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23.09.2014-ൽ നടന്ന 33-മത് NCDS യോഗത്തിൽ ഡാമുകളുടെ ഉടമസ്ഥത സംബന്ധിച്ച കാര്യങ്ങൾ NCDS ന്റെ അധികാര പരിധിയിൽ വരാത്തത് ആയതുകൊണ്ട് സംസ്ഥാനങ്ങൾ തമ്മിൽ പ്രത്യകം പരിഹരിക്കേണ്ടതാണെന്നും, NRLD-ലെ ഇപ്പോഴത്തെ സ്ഥിതി തുടരുമെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി)തിരുത്തിയ പുതിയ റജിസ്റ്ററിൽ കേരളത്തിന്റേതായി ഉൾപ്പെടുത്തിയ ഡാമുകളുടെ വിവരങ്ങൾ കാണിക്കുന്ന പേജിൽ അടിഭാഗത്ത് തമിഴ് നാടിന്റെ ഉടമസ്ഥതയിൽ എന്ന അടിക്കുറിപ്പ് ചേർത്തിരിക്കുന്നത് അറിയാമോ; | നാഷണൽ രജിസ്റ്റർ ഓഫ് ലാർജ്ജ് ഡാംസിന്റെ പുതുക്കിയ രജിസ്റ്ററിൽ കേരളത്തിന്റേതായി ഉൾപ്പെടുത്തിയ ഡാമുകളുടെ വിവരങ്ങൾ കാണിക്കുന്ന പട്ടികയിൽ ഇപ്രകാരമുള്ള അടിക്കുറിപ്പ് ചേർത്തിട്ടില്ല.<br>തമിഴ്നാടിന്റെ ഡാമുകളുടെ വിവരങ്ങൾ കാണിക്കുന്ന പട്ടികയിൽ ചുവടെ പറയുന്ന പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. |

**"4 (four) Dams namely Mullai Periyar (Periyar), Parambikulam Thunacadavu and Peruvaripallam are located in Kerala State and are operated and maintained by Tamil Nadu PWD".**

(സി)പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി ആവർത്തിച്ച് പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നതായി അറിയാമോ;

ഇതു സംബന്ധിച്ച് ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ പ്രശ്നത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാലു ഡാമുകളുടെ ഉടമസ്ഥത സംബന്ധിച്ച് തമിഴ്നാട് സർക്കാർ ഉന്നയിച്ച അവകാശവാദം കേന്ദ്രജലകമ്മീഷനിലെ നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റി (NCDS) അംഗീകരിച്ചിട്ടില്ല. പ്രസ്തുത നാലു ഡാമുകളെയും സംബന്ധിച്ച് തമിഴ്നാട് സർക്കാർ ഉന്നയിച്ച ഉടമസ്ഥാവകാശം കേരളത്തിന്റെ സമയോചിതമായ ഇടപെടലിലൂടെ തെറ്റാണെന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടി നിലവിലാവശ്യമില്ല.

സെക്ഷൻ ഓഫീസർ